**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2237** **13-09-2023 - ൽ മറുപടിയ്ക്ക്**

**ധനകോടി ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനെതിരെയുള്ള കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിക്ഷേപകരിൽ നിന്ന് പണം സ്വരൂപിക്കുകയും തിരിച്ച് നൽകാതെ വഞ്ചിക്കുകയും ചെയ്തു എന്ന പേരിൽ ധനകോടി ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിത്തിനെതിരെ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | ലഭിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്നാണ് പരാതി ലഭിച്ചതെന്നും എത്ര പരാതികൾ ലഭിച്ചുവെന്നും വിശദമാക്കുമോ; | (ബി) | 18/02/2023 ലാണ് ആദ്യ പരാതി ലഭിച്ചത്. ആകെ 112 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പരാതിയിൻമേൽ എഫ്.ഐ.ആർ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ഉണ്ട്. പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 303/2023 u/s 406, 420 r/w 34 IPC, 3 r/w 21 of Banning of Unregulated Deposit Schemes Act and section 3,4 of Prize Chits And Money Circulation Schemes (Banning) Act. |
| (ഡി) | പ്രസ്തുത പരാതിയിന്മേൽ എന്തെല്ലാം നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | ഈ കേസ്സിൽ ഉൾപ്പെട്ട ഒന്നു മുതൽ 6 വരെയുള്ള പ്രതികളിൽ 5 വരെയുള്ള പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. 6-ാം പ്രതി മറ്റൊരു കേസിൽ മാനന്തവാടി ജില്ലാ ജയിലിൽ റിമാന്റിൽ കഴിഞ്ഞു വരുന്നതിനാൽ ഫോർമൽ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ധനകോടി ചിട്ടി കമ്പനിയുടെ ഓഫീസ് ബഹു. കോടതിയുടെ അനുമതിയോടെ പരിശോധന നടത്തി തെളിവിലേയ്ക്ക് ആവശ്യമായ രേഖകൾ ശേഖരിച്ചിട്ടുണ്ട്. കമ്പനിയിലെ ജീവനക്കാരെയും സാക്ഷികളെയും പരാതിക്കാരനെയും ചോദ്യം ചെയ്തും ചിട്ടി കമ്പനിയുടെ രജിസ്ട്രേഷൻ, ലൈസൻസ്, പ്രവർത്തനാനുമതി, ചിട്ടികൾ നടത്താനുള്ള അനുമതി തുടങ്ങിയ രേഖകൾ ശേഖരിച്ച് പരിശോധിച്ച് അന്വേഷണം നടത്തിയും വരുന്നു.<br><br>സ്ഥാപനത്തിന്റെ സ്ഥാവര ജംഗമ വസ്തുക്കൾ ബഡ്സ് ആക്ട് പ്രകാരം കണ്ടുകെട്ടുന്നതിന് ജില്ല കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ